പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4925 26.06.2019-ലെ മറുപടിക്ക്

## മലപ്പുറം ഡിപ്പോയിലെ എച്ച്.എസ്.ഡി. പമ്പ്

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ ഘട്ടത്തിൽ പൊളിച്ച നീക്കിയ എച്ച്.എസ്.ഡി. പമ്പ് പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) യും (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി. മലപ്പുറം ബസ് സ്റ്റേഷനിൽ HSD പമ്പ് അനുവദിക്കുന്നതിന് ആവശ്യപ്പെട്ട സ്ഥലം 05.11.1987 ലെ സ.ഉ. (കൈ) നം. 711/87/ആർ.ഡി. ഉത്തരവ് പ്രകാരം കേരള സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് പതിച്ചുനൽകിയതും 10.04.1978 മുതൽ കെ.എസ്.ആർ. ടി.സി. കൈവശം വച്ചുവരുന്നതുമാണ്. ഡിപ്പോ അനുവദിച്ച കാലം മുതൽ എൻ.ഒ.സി. ലഭ്യമാക്കി ഇവിടെ ഡീസൽ പമ്പ് പ്രവർത്തിപ്പിച്ചു വരികയായിരുന്നു. എന്നാൽ, ബസ് സ്റ്റേഷൻ നവീകരണത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റിയ ഡീസൽ പമ്പ് ലൊക്കേഷൻ മാറ്റി പുനഃസ്ഥാപിക്കുവാൻ സമർപ്പിച്ച അപേക്ഷ, ടി ഭൂമിയുടെ വില കെ.എസ്.ആർ.ടി.സി.ക്ക് ഒടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ HSD ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യുവാൻ നിർവ്വാഹമില്ല എന്ന് ചൂണ്ടിക്കാട്ടി, ഏറനാട് തഹസിൽദാർ നിരസിച്ചിട്ടുള്ളതാണ്. ടി ഭൂമിയിന്മേൽ നിയമപരമായ കൈവശാവകാശം തെളിയിക്കുന്ന രേഖകൾ കെ.എസ്.ആർ.ടി.സി.യുടെ പക്കൽ ലഭ്യമല്ല. ആയത് ലഭ്യമാക്കി HSD പമ്പ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചു വരുന്നു. |
| (ബി) | ഡിപ്പോയിൽ പമ്പില്ലാത്തതിനാൽ സ്വകാര്യ ഡീസൽ പമ്പുകളെ ആശ്രയിക്കുന്നതുമൂലം കെ.എസ്. ആർ.ടി.സി.ക്ക് ഉണ്ടാകുന്ന സാമ്പത്തികനഷ്ടവും സമയനഷ്ടവും കണക്കിലെടുത്ത് പമ്പ് പുനഃസ്ഥാപിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ; | | |
| (സി) | ഡിപ്പോയുടെ ആരംഭകാലം മുതൽ നിലവിലുള്ള എച്ച്.എസ്.ഡി. പമ്പ് പുനഃസ്ഥാപിക്കുവാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**